## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 252

30.11.2015 ൽ മറുപടിയ്ക്ക്

## പോലീസ് പീഡനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പൊതുവഴിയിലിരുന്ന് മദ്യപിച്ചുവെന്നാരോപിച്ച് പോലീസ് കസ്റ്റഡിയിൽ എടുത്ത, നെടുമങ്ങാട് ചുള്ളിമാനൂർ മേന്നൂർക്കോണം കൃഷ്ണ നന്ദനത്തിൽ രാജീവ് പോലീസ് പീഡനത്തെത്തുടർന്ന് പിന്നീട് തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയ സംഭവം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) 11.08.2015 ൽ രാജീവ് എന്നയാൾ പൊതു സ്ഥലത്ത് പരസ്യമായി മദ്യപിക്കുവാൻ ശ്രമിച്ചതായി കാണപ്പെട്ടതിനാൽ വലിയമല പോലീസ് അറസ്റ്റ് ചെയ്ത് ക്രൈം നം. 440/2015 u/s 15(c) r/w 63 Abkari Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും അന്നേ ദിവസം തന്നെ 15.45 മണിക്ക് ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതുമാണ്. ടിയാനെ പോലീസ് യാതൊരു വിധത്തിലുള്ള ദേഹോപദ്രവവും ഏൽപ്പിച്ചിട്ടില്ല. എന്നാൽ ടിയാൻ ജാമ്യത്തിൽ പോയതിന് ശേഷം ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇതിലേക്ക് നെടുമങ്ങാട് പോലീസ് സ്റ്റേഷൻ ക്രൈം 1265/15 u/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) രാജീവിനെ കസ്റ്റഡിയിൽ എടുത്തതിനു ശേഷം വൈദ്യപരിശോധനയ്ക്ക് വിധേയനാക്കിയിരുന്നോ; അറസ്റ്റ് ചെയ്തത് എപ്പോൾ, എവിടെവെച്ച്, എന്ത് കുറ്റം ആരോപിച്ചായിരുന്നു; പിന്നീട് വിട്ടയച്ചത് എപ്പോഴായിരുന്നു; | (ബി) അറസ്റ്റിലായ രാജീവിനെ വൈദ്യ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. 11.08.2015 ന് 14.20 മണിക്കാണ് വലിയമല പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട 'ഒഴുവെറിഞ്ഞമൂല' എന്ന സ്ഥലത്ത് വച്ച് അറസ്റ്റ് ചെയ്തത്. ക്രൈം നം. 440/2015 u/s 15(c) r/w 63 Abkari Act പ്രകാരമാണ് അറസ്റ്റ് ചെയ്തത്. 11.08.2015 ന് 15.45 മണിക്ക് ജാമ്യത്തിൽ വിട്ടയച്ചു. |

(സി) പോലീസ് പീഡനത്തെത്തുടർന്ന് ആത്മഹത്യ ചെയ്ത രാജീവിന്റെ കുടുംബത്തെ സംരക്ഷിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

(സി) പോലീസ് പീഡനത്തെ തുടർന്നല്ല രാജീവ് ആത്മഹത്യ ചെയ്തത്. നെടുമങ്ങാട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 1265/15 u/s 174 CrPC പ്രകാരമുള്ള കേസിന്റെ അന്വേഷണ ത്തിൽ മരണപ്പെട്ട രാജീവ് ഇടയ്ക്കിടയ്ക്ക് മദ്യപിച്ച് ബഹളമുണ്ടാക്കുന്നത് സംബന്ധിച്ച് ബന്ധുക്കൾ ഉപദേശിച്ചതിലും മറ്റുമുള്ള മനോവിഷമത്താലാണ് സ്വയം കെട്ടിത്തൂങ്ങി മരണപ്പെട്ടതെന്ന് വെളിവായിട്ടുണ്ട്. കൂടാതെ പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ "Death due to hanging" എന്ന് രേഖപ്പെടുത്തിയിട്ടുള്ളതു കൊണ്ട് ടി കേസിന്റെ അന്വേഷണം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണ്. ആയതിനാൽ പോലീസിന്റെ ഭാഗത്തുനിന്നും ടിയാന്റെ കുടുംബത്തിന് യാതൊരുവിധ സാമ്പത്തിക സഹായവും നൽകിയിട്ടില്ല.

**സെക്ഷൻ ഓഫീസർ**